## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4220** **25.06.2018-ൽ മറുപടിക്ക്**

### ബാലവേലയുമായി ബന്ധപ്പെട്ട കേസ്സുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ഉമ്മർ<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് ബാലവേലയുമായി ബന്ധപ്പെട്ട കേസ്സുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നത് സർക്കാർ തലത്തിൽ പരിശോധിച്ചിട്ടുണ്ടോ;വിശദമാക്കാമോ; | (എ) കേരളത്തിൽ ബാലവേലയുടെ തോത് ക്രമാനുഗതമായി കുറഞ്ഞു വരുന്നതായിട്ടാണ് കണ്ടുവരുന്നത്. |
| (ബി) 1986 ലെ ബാലവേല (നിരോധനവും നിയന്ത്രണവും) നിയമം നടപ്പിൽ വരുത്തിയിട്ടും ബാലവേല പൂർണ്ണമായും സംസ്ഥാനത്ത് നിർത്തലാക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ; | (ബി) 1986 ലെ ബാലവേല (നിയന്ത്രണം & നിരോധനം) നിയമപ്രകാരം തൊഴിൽ വകുപ്പിലെ പരിശോധന ഉദ്യോഗസ്ഥർ പരിശോധനകൾ നടത്തുകയും 14 വയസ്സിന് താഴെയുള്ള കുട്ടികളെ ജോലിക്ക് നിയോഗിക്കുന്നതായി കണ്ടെത്തിയാൽ തൊഴിലുടമയ്ക്ക് എതിരെ പ്രസ്തുത നിയമപ്രകാരം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. തൊഴിൽ വകുപ്പിന്റെ ശക്തമായ ഇടപെടലും ബോധവത്കരണ പ്രവർത്തനങ്ങളും ഒപ്പം സന്നദ്ധ സംഘടനകളുടെ ഇടപെടലുകളും മൂലം ബാലവേല ഒഴിവാക്കേണ്ട ഒന്നാണെന്ന അവബോധം സമൂഹത്തിൽ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. ഈ വക കാരണങ്ങളാൽ കേരളത്തിൽ ബാലവേലയുടെ തോത് ക്രമാനുഗതമായി കുറഞ്ഞുവരുന്നുണ്ട്. ചില കുട്ടികളുടെ സാമൂഹികവും കുടുംബപരവുമായ പിന്നോക്കാവസ്ഥയെ സഹാനുഭൂതിയോടെ നോക്കിക്കാണുകയും |

| | |
|---|---|
| | അത്തരം കുട്ടികളെ നിർബന്ധിതമല്ലാതെ ബാലവേലയിൽ ഏർപ്പെടുത്തുകയും ചെയ്യുന്ന ഒരു ചെറിയ വിഭാഗം കേരളീയ സമൂഹത്തിലുണ്ട്. പ്രധാനമായും ഗാർഹികമേഖലയിൽ കണ്ടുവരുന്ന ഈ പ്രവണത ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ പൂർണ്ണമായും ഒഴിവാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (സി) ബാലവേല പൂർണ്ണമായും നിരോധിക്കുന്നതിനായി ജില്ലാതല ടാസ്ക് ഫോഴ്സിന്റെയും ചൈൽഡ് ലേബർ റിഹാബിലിറ്റേഷൻ കമ്മിറ്റിയുടെയും പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (സി) സംസ്ഥാനത്തിന്റെ വിവിധ ഇടങ്ങളിൽ ചൈൽഡ് ലേബർ കം റിഹാബിലിറ്റേഷൻ കമ്മിറ്റിയുടെയും സന്നദ്ധ സംഘടനകളുടെയും സാമൂഹ്യ പ്രവർത്തകരുടെയും സഹകരണത്തോടെ സെമിനാറുകൾ, ശിൽപ്പശാലകൾ, ബോധവത്ക്കരണ ക്ലാസ്സുകൾ എന്നിവ ഊർജ്ജിതമായി നടത്തി വരുന്നു. ജില്ലാതലത്തിലെ ടാസ്ക് ഫോഴ്സിന്റെയും ചൈൽഡ് ലേബർ റിഹാബിലിറ്റേഷൻ കം വെൽഫെയർ കമ്മിറ്റിയുടെയും പ്രവർത്തനങ്ങൾ കൊണ്ടും തൊഴിൽ വകുപ്പിന്റെ ശക്തമായ എൻഫോഴ്സ്മെന്റ് സംവിധാനവും മൂലവും 1986 ലെ ബാലവേല (നിയന്ത്രണം & നിരോധനം) നിയമം സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പിലാക്കാൻ കഴിയുന്നു. ഇവയുടെയെല്ലാം ഫലമായി സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ബാലവേലയുടെ എണ്ണം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.